# ഫോട്ടോഗ്രാഫർ

## അനിൽ PT മണ്ണാർക്കാട്

ദേവൻ ഒറ്റ ദിവസം കൊണ്ടാണ് പ്രശസ്തനായത്. ചാനലുകളായ ചാനലുകൾ മുഴുവനും ദേവൻ തൻെറ മൊബൈലിൽ ഷൂട്ട് ചെയ്ത വീഡിയോയെപ്പറ്റി ചർച്ചയാണ്. ഹോട്ടലിലെ ടോയ്‌ലറ്റിൽ ഒളിപ്പിച്ചു വെച്ച് ഷൂട്ട് ചെയ്ത വീഡിയോ അല്ല. രോഗിയായ കള്ളസ്വാമിയെ സിനിമാ നടി ശുശ്രൂഷിക്കുന്ന രംഗം ഒളിച്ചിരുന്ന് ഷൂട്ട് ചെയ്തതുമല്ല. ഇതൊരു അപകടം തത്സമയം ക്യാമറയിൽ പകർത്തിയതാണ്.

കഥ ഇങ്ങനെ. ബാംഗ്ലൂരിൽ നിന്ന് കോഴിക്കോട്ടേക്കു വരികയായിരുന്നു ദേവൻ. കൂട്ടുകാരോടൊപ്പം കാറിൽ.ബന്ദിപ്പൂരിലൂടെ കടന്നു പോകുമ്പോഴാണ് മുൻപിൽ പോയ കാറുകാരൻ പെട്ടെന്നു നിർത്തിയത്. ആദ്യം കാര്യം പിടികിട്ടിയില്ല. മുൻപിൽ ഒരു ആന. ഇത് ഇടക്കിടെ സംഭവിക്കുന്നതാണ്. ആന റോഡിലിറങ്ങിയാൽ പിന്നെ കാത്തിരിപ്പു തന്നെ വഴി. ഒറ്റയാനല്ലെങ്കിൽ കുഴപ്പമില്ല. കുറച്ചു നേരം റോഡിൽ നിന്നിട്ട് കാട്ടിലേക്കു തിരിച്ചു പൊക്കോളും. ഒറ്റയാനാണെങ്കിൽ സൂക്ഷിക്കണം. കഷ്ടകാലത്തിന് അന്നു വന്നു പെട്ടത് ഒരു ഒറ്റയാനാണ്. കാർ കുറച്ചുകൂടി പുറകിലേക്കെടുത്തിട്ട് കാത്തിരുന്നു.

അപ്പോഴാണ് ഒരു ബൈക്കുകാരൻ ഓവർടേക്ക് ചെയ്ത് മുൻപിൽ കയറിയത്. മുൻപിലുള്ള കാറുകാരൻ warn ചെയ്തപ്പോഴേക്കും അവരേയും ഓവർടേക്ക് ചെയ്ത് നേരെ ആനയുടെ മുൻപിൽ.

പാവം ബൈക്കുകാരൻ. കാര്യം മനസ്സിലാക്കിയപ്പോഴേക്കും വൈകിപ്പോയി. ആന, തുമ്പിക്കൈ കൊണ്ട് ബൈക്ക് തട്ടിയെറിഞ്ഞു. ബൈക്കുകാരൻ തെറിച്ച് റോഡരികിലുള്ള പൊന്തക്കാട്ടിൽ വീണു. കലി തീരാത്ത ആന ആയാളുടെ അടുത്തേക്ക് ഓടി ചെന്നു. ബൈക്കുകാരൻ ഒരു വിധം തപ്പിപ്പിടിച്ചെഴുന്നേറ്റു. ഒരു മരത്തിൻെറ പുറകിലൂടെ ഓടി തിരിച്ചു റോഡിൽ കയറാൻ ഒരു ശ്രമം നടത്തി. പക്ഷേ, ആനയുടെ കയ്യിൽ നിന്നും രക്ഷപ്പെടാൻ ആ പാവത്തിനു കഴിഞ്ഞില്ല.

കുറച്ചു നേരം കൂടി ആന ഭയാനക അന്തരീക്ഷം സൃഷ്ടിച്ചു. അതു കഴിഞ്ഞ് ആ ഒറ്റയാൻ കാട്ടിലേക്കു തന്നെ തിരിച്ചു പോയി. പിന്നെയാണ് വാഹനങ്ങളെല്ലാം യാത്രയായത്.

ആനയും ബൈക്കുകാരനുമായുള്ള ഒളിച്ചു കളിയും യുദ്ധവും മുഴുവനായും ദേവൻ മൊബൈൽ കാമറയിൽ പകർത്തി. നാട്ടിൽ തിരിച്ചെത്തിയ ഉടൻ തന്നെ ആ വീഡിയോ മലയാളത്തിലെ രണ്ടു മൂന്നു പ്രമുഖ വാർത്താ ചാനലുകൾക്കയച്ചു കൊടുത്തു. ഇത്തിരിപ്പോന്ന കേരളത്തിലെ പണിയില്ലാത്ത ന്യൂസ് ചാനലുകൾ തുണിക്കടയുടെ ഉൽഘാടനം തത്സമയ സംപ്രേഷണം ചെയ്യുന്ന ലാഘവത്തോടെ ഈ വീഡിയോയും പ്രേക്ഷകർക്കു മുന്നിലെത്തിച്ചു.

ചാനലുകളിലെ രാത്രി ചർച്ചകളിൽ വയനാട് ബാംഗ്ലൂർ റോഡിലെ ഗതാഗത നിയന്ത്രണവും വന്യമൃഗങ്ങളുടെ ആക്രമണവും പ്രധാന വിഷയമായി. എല്ലാ രാഷ്ട്രീയ നേതാക്കളും ചർച്ചയിൽ സജീവമായി പങ്കെടുത്തു. ബി ജെ പിയുടെ നേതാക്കന്മാർ, കേന്ദ്ര സർക്കാരിനേയും സംസ്ഥാന സർക്കാരിനേയും ഒരു പോലെ പഴിച്ചപ്പോൾ, ഇടതു നേതാക്കൾ കുറ്റം മുഴുവൻ കേന്ദ്രത്തിൽ ചാർത്തി. സംസ്ഥാന സർക്കാർ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ടെങ്കിലും, രണ്ടു സംസ്ഥാനങ്ങളുടെ ബോർഡറിൽ നടക്കുന്ന ഒരു കാര്യം ആയതിനാൽ, കേന്ദ്ര സർക്കാരാണ് എല്ലാം ശരിയാക്കേണ്ടത് എന്നായിരുന്നു അവരുടെ വാദം. ആ വാദത്തിൽ യാതൊരു കഴമ്പുമില്ലെന്ന് കോൺഗ്രസ്സ് നേതാക്കൾ തറപ്പിച്ചു പറഞ്ഞു. കേന്ദ്രം നൽകുന്ന ഫണ്ടെല്ലാം പാഴാക്കിക്കളഞ്ഞിട്ട് വെറുതെ കേന്ദ്രത്തെ കുറ്റം പറയുന്നതാണെന്ന് കോൺഗ്രസ്സ് നേതാക്കൾ വാദിച്ചു. അവതാരകരാകട്ടെ, തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ചാനലിൻെറ പൊതു താൽപര്യത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് ഏതെങ്കിലും ഒരു പാർട്ടിക്ക് അനുകൂലമായി ചർച്ച നയിച്ചു. നിഷ്പക്ഷമായ ചർച്ചകൾക്കിടയിൽ പല പ്രാവശ്യം ദേവൻെറ കലാസൃഷ്ടിയും പ്രദർശിപ്പിക്കപ്പെട്ടു. എല്ലാവരും ദേവൻെറ പേരും ഫോട്ടോയും പ്രദർശിപ്പിച്ചു. ചിലരാകട്ടെ ലൈവ് ആയി ദേവനുമായി ടെലഫോൺ സംഭാഷണവും നടത്തി.

എന്തായാലും ഈ ബഹളങ്ങൾ കാരണം ദേവൻ നാട്ടിൽ പ്രശസ്തനായി. ബാംഗ്ലൂരിൽ ജോലി കിട്ടി പോയതോടെ അവനെക്കൊണ്ടുള്ള ശല്യം ഒഴിഞ്ഞു എന്നു പറഞ്ഞിരുന്നവർ വരെ ദേവനെ ചെന്നു കണ്ട് കുശലങ്ങൾ

ആരാഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം, വയസ്സായ ഒരാൾ ദേവനെ അന്വേഷിച്ച് വീട്ടിലെത്തി. ഗേറ്റ് തുറന്ന് വരുന്ന ആളെ ദേവന് മനസ്സിലായില്ല.

“ആരാ... ? മനസ്സിലായില്ല....”

“ഞാൻ കുറച്ചു ദൂരെ നിന്നാണ്... ടീവീലൊക്കെ പടം വന്ന ദേവൻെറ വീടല്ലേ....”

“അതേ... ഞാനാണ് ദേവൻ...”

“മോനാണോ ദേവൻ..? ഞാനൊന്നു പരിചയപ്പെടാൻ വന്നതാ...”

“ഇരിക്കൂ... എവിടെ നിന്നാണെന്നാ പറഞ്ഞത്?.....”

“എൻെറ വീട് തൃശ്ശൂരിനടുത്താണ്.. ഒരു റിട്ടയേഡ് സ്കൂൾ മാഷാണ്.. ഒറ്റക്കാണ്.. ഭാര്യ നേരത്തെ മരിച്ചു... ആകെയുണ്ടായിരുന്ന മകൻ ഈയടുത്തു മരിച്ചു... ”

“എന്നോടെന്തിനാണിതൊക്കെ പറയുന്നതെന്നു മനസ്സിലായില്ല. ഞാൻ എന്താണ് ചെയ്യണ്ടത്?”

“മോൻ ഒന്നും ചെയ്യണ്ട... ഞാൻ ഒന്നു പരിചയപ്പെടാൻ വന്നതാണ്.. ടീവീലൊക്കെ സ്ഥിരം കാണാറുണ്ട്. മോനെങ്ങനാ ആ വീഡിയോ കിട്ടിയത്? ”

“ഞാനും കൂട്ടുകാരും അപ്പോൾ ആ സ്ഥലത്തുണ്ടായിരുന്നു... ഈ മൊബൈലിൽ തന്നെയാ എടുത്തത്..”

ദേവൻ കയ്യിലിരുന്ന മൊബൈൽ അയാളെ കാണിച്ചു.

“ഓ .. ശരിയാ... മോൻ ആ സമയത്ത് അവിടുണ്ടാരുന്നല്ലോ... പക്ഷെ എന്നിട്ടെന്താ മോനും കൂട്ടുകാരും കൂടി ആ പയ്യനെ രക്ഷിക്കാൻ നോക്കാഞ്ഞെ? ശബ്ദം വല്ലതും ഉണ്ടാക്കി ആനയെ ഓടിക്കൻ നോക്കാഞ്ഞതെന്തെ?”

“ഞങ്ങൾ വിചാരിച്ചിട്ടൊന്നും യാതൊരു കാര്യവുമില്ല.. ശബ്ദമുണ്ടാക്കിയാൽ അത് ഒരു പക്ഷെ ഞങ്ങൾക്കു നേരെ തിരിഞ്ഞേനെ...”

“ശരി.. പക്ഷേ എങ്ങനെ നിനക്കത് ഷൂട്ട് ചെയ്യാൻ തോന്നി? നിന്റെ അച്ഛനോ സഹോദരനോ വല്ലോമാരുന്നെങ്കിൽ ഇതു പോലെ നിന്ന് ഷൂട്ട് ചെയ്യുമായിരുന്നോ? കെട്ടിടം കത്തുന്നിടത്തും വാഹനാപകടം നടക്കുന്നിടത്തുമെല്ലാം കാണാം ഇതു പോലെ ആളുകളെ. മൊബൈലിൽ പടം എടുത്തു രസിക്കുന്നവർ... നിനക്കൊന്നും മനസ്സാക്ഷിയില്ലേ? അപകടത്തിൽ പെടുന്നവരുടെ വീട്ടുകാരെപ്പറ്റി നീയൊക്കെ ആലോചിച്ചിട്ടുണ്ടോ? ഉറ്റവർ പോയതിന്റെ വേദനയേക്കാൾ വലുതാണ് അതിനെ ആളുകൾ വീണ്ടും കണ്ടു രസിക്കുന്നത് കാണുമ്പോൾ.. അതൊന്നും നിനക്കൊന്നും മനസ്സിലാവില്ല.. ”

അയാളുടെ കണ്ഠമിടറുന്നുണ്ടായിരുന്നു. ഒന്നും മിണ്ടാതെ അയാൾ നടന്നു പോയി..

ദേവൻ ഒരു നിമിഷം നിർന്നിമേഷനായി നിന്നു. തന്റെ ഭാഗത്ത് തെറ്റൊന്നുമില്ലെന്ന് അയാൾ സ്വന്തം മനസ്സിനെ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിച്ചു.

പക്ഷെ വൈകുന്നേരം ടീവിയിൽ കണ്ട ഒരു ന്യൂസ് അയാളെ അക്ഷരാർത്ഥത്തിൽ തകർത്തു കളഞ്ഞു.

“ഒരാഴ്ച മുൻപ് ബന്ദിപ്പുരിൽ വെച്ച് ആനയുടെ കുത്തേറ്റ് മരിച്ച മനോജിന്റെ അച്ഛൻ, റിട്ടയേഡ് സ്കൂൾ മാഷ് നാരായണനെ തൃശൂരിനടുത്ത് റെയിൽ വേ പാളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി.. ആത്മഹത്യയാണെന്ന് സംശയിക്കുന്നു. ..”

സോഫയിൽ തളർന്നിരുന്നു പോയ ദേവന്റെ കയ്യിൽ നിന്നും മൊബൈൽ താഴെ വീണു. ആത്മഹത്യ ചെയ്യാൻ ആ ഫോണും കൊതിച്ചിരുന്ന പോലെയാണ് അയാൾക്കു തോന്നിയത്....

anil.pt.mkd@gmail.com

http://twitter.com/AnilPTMKD

http://pdfsahithyam.wordpress.com/